**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾക്കായി ഹോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതി വിഭാഗക്കാരായ കുടുംബങ്ങളുടെ പുനരധിവാസവും ശാക്തീകരണവും ഉന്നമനവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ മൈക്രോപ്ലാനിംഗ് നടപ്പിലാക്കുന്നതിനാണ് ഹോം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് (Household Oriented Microplanning for Empowerment). പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നാല് ഘട്ടങ്ങളിലെ ആദ്യഘട്ടമായ കുടുംബാടിസ്ഥാനത്തിലുള്ള സ്ഥിതി വിവരശേഖരണം പൂർത്തിയായിവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ബി) | പട്ടികജാതി കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് സുസ്ഥിര വരുമാന വർദ്ധന പദ്ധതികളും സാമൂഹ്യക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ പദ്ധതികൾ എന്തൊക്കെയെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തുകയും അവരുടെ ആവശ്യങ്ങൾക്കനുസൃതമായി ടി കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ സമീപനരീതി.<br>പട്ടികജാതിക്കാരുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള മേൽ പദ്ധതി ചുവടെ ചേർക്കും പ്രകാരം നാല് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്.<br><br>1. കുടുംബാടിസ്ഥാനത്തിലുള്ള സ്ഥിതി വിവര ശേഖരണം<br><br>2. സൂക്ഷ്മതല ആസൂത്രണവും പിന്തുണയും നല്കേണ്ടുന്ന കുടുംബങ്ങളെ പട്ടികപ്പെടുത്തൽ. |

| | | | |
|---|---|---|---|
| | | | 3. പദ്ധതി രൂപീകരണം.<br><br>4. പദ്ധതി നിർവഹണവും അവലോകനവും.<br><br>മേൽ പദ്ധതി പ്രകാരം പ്രാരംഭ ഘട്ടത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അതി ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെയാണ് പരിഗണിക്കുന്നത്. വകുപ്പ് പ്രത്യേക പരിഗണന നൽകുന്ന ദുർബല വിഭാഗകുടുംബങ്ങൾക്കും മുൻഗണന നൽകുന്നു. |

സെക്ഷൻ ഓഫീസർ